(ബി)&(സി) ധനലഭ്യതയ്ക്ക് വിധേയമായി, നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

153 (2339) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് വേണ്ടി അംഗീകാരം നൽകിയിട്ടുള്ള കേരളത്തിലെ സ്വകാര്യ സഹകരണ ആശുപത്രികൾ ഏതെല്ലാം;

(ബി) കണ്ണൂർ എ.കെ.ജി. സ്മാരക ആശുപത്രിയെ ഇതിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ?

ഉത്തരം

(എ)-(സി) താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ആശുപത്രി, പന്തളം.
2. അമലാ ക്യാൻസർ ഹോസ്പിറ്റൽ, തൃശ്ശൂർ.
3. ആഗസ്റ്റ് നഴ്സിംഗ് ഹോം ആന്റ് ഹോമിയോപ്പതിക് റിസർച്ച് സെന്റർ, കളമശ്ശേരി.
4. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി.
5. കൊമരൻചാത്ത് യൂറോളജി ആന്റ് റീനൽ ട്രാൻസ്പ്ലാന്റേഷൻ സെന്റർ, എറണാകുളം.
6. കോസ്മോ പൊളിറ്റൻ ഹോസ്പിറ്റൽ, തിരുവനന്തപുരം.
7. ശ്രീ. ഉത്രാടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.
8. മാതാ ഹോസ്പിറ്റൽ, തൃശ്ശൂർ
9. എറണാകുളം മെഡിക്കൽ സെന്റർ, എറണാകുളം

സഹകരണ ആശുപത്രികളിൽനിന്നും കണ്ണൂർ എ.കെ.ജി. ആശുപത്രിയിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. അത് പരിശോധനയിലാണ്. ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

154 (2340) മരുന്നുൽപ്പാദിപ്പിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കും മെഡിക്കൽ കോളേജ് ആശുപത്രികൾക്കും വേണ്ട മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ സ്വകാര്യ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly